# വാസന്തിക വൃഷ്ടി

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**നിറഭേദങ്ങൾ** ഉറഞ്ഞൊളിക്കാതെ
മണ്ണുവിണ്ണുകളുടെ നഷ്ടക്കാച്ചിലിൽ
ഇഷ്ടയോഗം പരിശീലിക്കുന്ന പെണ്ണിന്റെ
ഊമക്കവിൾത്തുടിപ്പിലെ തുടുപ്പ്.

സ്പർശനാശയിൽ വാട്ടം വരിക്കുന്ന
രജസ്സിന്റെ ഇറുകിയ ഒഢ്യാണപ്പട്ടിൽ
ശുക്ലപക്ഷ നിലാവിന്റെ പർദ്ദയിൽ
വിജനതാവിയർപ്പിന്റെ കണ്ഠമാലയിൽ
ഗന്ധരന്ധ്രിയെ കുത്തിച്ചുരത്തി നടപ്പ്.

കളത്തിൽ കൊഴിഞ്ഞ ഇതളിവൾ
വിധിയാളിന്റെ മൂഢധന്യത:
മെതിച്ച് അതിക്രമിക്കുന്ന
ഭൂഷാക്രമം അപഹസിക്കുന്ന
ഇരുണ്ട ഓർമ്മയിൽ അടിയുന്ന
കടൽച്ചുഴലിയുടെ ആർത്തലയിൽ
പുനർജ്ജന്മ വളംവിതപ്പിൽ
പറഞ്ഞറിഞ്ഞും കൊള്ളാത്ത
അജ്ഞതയെ ആരാധിക്കുന്ന
കാൽച്ചുവട്ടിലെ കൽവിളക്കിൽ
എണ്ണമെഴുപ്പ് വരണ്ടുറഞ്ഞ
പൂക്കണ്ണിലെ ആർദ്രദ്രവിപ്പ്.
**************************************************************